നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ അരി, നെല്ല്, പയറുവർഗ്ഗങ്ങൾ, പഞ്ചസാര, എഡിബിൾ ഓയിൽ സീഡ്സ് എന്നിവ കൈകാര്യം ചെയ്യുന്ന വ്യാപാരികൾക്ക് ലൈസൻസും സ്റ്റോക്ക് പരിധിയും നിർബന്ധമാക്കിയിട്ടുണ്ട്.

രൂക്ഷമായ വിലക്കയറ്റം തടയാൻ നടപടി

80 (146) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റ് സംസ്ഥാനങ്ങളിൽ ഇല്ലാത്തവിധം നിത്യോപയോഗ സാധനങ്ങൾക്ക് അമിതമായ വിലക്കയറ്റം സംസ്ഥാനത്ത് ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) അവശ്യ വസ്തുക്കളുടെ വിലക്കയറ്റം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) പുതുതായി എന്തെല്ലാം നടപടികൾ വിലക്കയറ്റം തടയാൻ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക് അമിതമായ വിലക്കയറ്റം ഉണ്ടായിട്ടില്ല. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിൽ അവശ്യ സാധനങ്ങൾക്ക് ഉണ്ടാകുന്ന ദൗർലഭ്യം, ഉല്പാദനക്കുറവ്, പ്രതികൂല കാലാവസ്ഥ എന്നിവയും അനിയന്ത്രിതമായ ഇന്ധനവില വർദ്ധനവ്, അന്താരാഷ്ട്ര വിപണന വ്യത്യാസം എന്നിവയും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ഇടയാക്കാറുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതു വിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

(ബി) വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായ മാർക്കറ്റിടപെടൽ പദ്ധതി തന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തലത്തിൽ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതനുസരിച്ച്.

(1) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

(2) സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകൾ വഴിയും 12.70 രൂപയ്ക്ക് പൂഴുക്കലരിയും പച്ചരിയും വിതരണം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(3) നാലു വർഷം മുൻപ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകളെ ആശ്രയിച്ചിരുന്നത് 52 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ ഒരു കോടിയിലധികമായി ഉയർന്നു.

(4) ശാസ്ത്രീയമായി സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുക വഴി എല്ലാ വിൽപ്പനശാലകളിലും എല്ലാ സമയത്തും അവശ്യ സാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി. ഗുണനിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

(5) ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം സപ്ലൈകോയിൽ ഏർപ്പെടുത്തുക വഴി പൊതു വിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു.

(6) യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻകാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

(7) ഗോതമ്പ് പൊടിയുടെ വിലവർദ്ധന തടയുവാനായി റേഷൻകടകൾ വഴി ഫോർട്ടിഫൈഡ് ആട്ട കിലോക്ക് 12 രൂപയ്ക്ക് വിതരണം നടത്തിവരുന്നു.

(8) എ.ആർ.ഡി. ശബരിസ്റ്റോറുകൾ തീരമൈത്രി സൂപ്പർമാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. മേൽപ്പറഞ്ഞ നടപടികൾ വഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കുകയും അതുവഴി പൊതു വിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു.

(9) അരിയും പലവ്യജ്ഞനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും സപ്ലൈകോ ഇടപെടുന്നു. FMCG സാധനങ്ങൾ MRP-യേക്കാളും ശരാശരി 3-7% വിലക്കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP-ൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

(10) പൊതു വിപണിയിലേതിനെക്കാൾ 20% വരെ വില കുറവിൽ തേയില, കാപ്പി, കറി പൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വില്പന നടത്തി വരുന്നു.

(11) ജില്ലാ കളക്ടർമാർ തെരഞ്ഞെടുക്കുന്ന ഹോട്ടലുകൾക്ക് സപ്ലൈകോ അവശ്യ സാധനങ്ങൾ നൽകുകയും അതുവഴി ഹോട്ടലുകളിലൂടെ വിൽക്കുന്ന ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കാനും നടപടി എടുത്തുവരുന്നു.

(12) ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകളും ഫെയറുകളും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(13) ലേബർ ബ്യൂറോ ഓഫ് ഇൻഡ്യ പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചിക പ്രകാരം വിലനിലവാരം ഏറ്റവും കുറവുള്ള രാജ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

(14) പച്ചക്കറികളുടെ വിലയിൽ ഉണ്ടായേക്കാവുന്ന വില വർദ്ധനവ് തടയുന്നതിലേക്കായി സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും എല്ലായിനം പച്ചക്കറികളിലും പൊതു വിപണി വിലയെക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തി വരുന്നുണ്ട്.

(സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ നിലവിലുള്ള സംവിധാനം തന്നെ പര്യാപ്തമാണ്. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ഉൾപ്പെടെ കൂടുതൽ വിൽപ്പനശാലകൾ പുതുതായി ആരംഭിച്ച് ഈ പദ്ധതി ശക്തിപ്പെടുത്തുവാൻ ആവശ്യമായ നടപടിയെടുത്തുവരുന്നു. ഇതിനായി 2010-2011 വർഷത്തിൽ 500 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇത് കഴിഞ്ഞ 2009-2010 വർഷത്തിൽ 83 കോടി രൂപയായിരുന്നു.

സഞ്ചരിക്കുന്ന നിത്യോപയോഗ വിൽപ്പനശാലകൾ

81 (147) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സഞ്ചരിക്കുന്ന നിത്യോപയോഗ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട് ; പ്രസ്തുത ശാലകളിൽ പൊതു കമ്പോളത്തിൽ ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ പൊതു കമ്പോളത്തിലെ നിത്യോപയോഗ സാധനങ്ങളുടെ വിലയും സഞ്ചരിക്കുന്ന വിൽപ്പനശാലകളിലെ വിലയും തമ്മിൽ താരതമ്യം ചെയ്യുമോ ;

(സി) ഇത്തരം വിൽപ്പനശാലകൾ സഞ്ചരിക്കുന്ന മേഖലകൾ ഏതെല്ലാം ; പഞ്ചായത്തുകളിൽ ഇത്തരം ശാലകൾ സഞ്ചരിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഇവയുടെ പ്രവർത്തനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ?

ഉത്തരം

(എ) സപ്ലൈകോയുടെ കീഴിൽ സംസ്ഥാനത്ത് ഇപ്പോൾ എട്ട് സഞ്ചരിക്കുന്ന നിത്യോപയോഗ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത വിൽപ്പനശാലകളിൽ കൂടി മാവേലി സ്റ്റോറുകളിലെ അതേ വിലയ്ക്ക് തന്നെ എല്ലാ സാധനങ്ങളും വിറ്റുവരുന്നു. പൊതുകമ്പോള വിലയെക്കാൾ ശരാശരി

LIBRARY ARCHIVES Kerala Legislative Assembly